(ബി) ലിഫ്റ്റുകളുടെ അപര്യാപ്തതയും പ്രവർത്തന തകരാറുകളും സംബന്ധിച്ച് ജീവനക്കാരുടെയും പൊതുജനങ്ങളുടേയും പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) . വികാസ്ഭവനിലെ മുഴുവൻ ലിഫ്റ്റുകളും പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ലിഫ്റ്റുകളുടെ അപര്യാപ്തതയും പ്രവർത്തന തകരാറുകളും സംബന്ധിച്ച് ജീവനക്കാരുടേയും പൊതുജനങ്ങളുടേയും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന ലിഫ്റ്റുകൾ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഉണ്ടായിട്ടില്ല.

128 (1672) ശരിയായ ദൂരം കാണിക്കുന്ന ബോർഡ് വയ്ക്കുവാൻ നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിലെ എറണാകുളം ബൈപാസിൽ കാക്കനാട് ജംഗ്ഷനിൽ വച്ചിട്ടുള്ള ബോർഡിൽ ആലപ്പുഴയ്ക്ക് 68 കിലോമീറ്റർ ദൂരമെന്നും, അതിന് തെക്കുവശത്തുള്ള വൈറ്റില ജംഗ്ഷനിൽ വച്ചിട്ടുള്ള ബോർഡിൽ ആലപ്പുഴയ്ക്ക് 79 കിലോമീറ്റർ ദൂരമെന്നും തെറ്റായി കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡുകൾ മാറ്റി ശരിയായ ബോർഡ് വയ്ക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കൊച്ചിൻ ബൈപാസിൽ സ്ഥാപിച്ചിട്ടുള്ള ചില സൈൻ ബോർഡുകളിൽ ചില സ്ഥലങ്ങളിലേയ്ക്കുള്ള ദൂരം എഴുതി വച്ചിരിക്കുന്നതിൽ തെറ്റ് ഉണ്ടെന്നുള്ളത് ശരിയാണ്. തെറ്റ് തിരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

129 (1673) മയ്യങ്ങാനം ക്രോസ്ബാർ-കം-ബ്രിഡ്ജ്

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ മയ്യങ്ങാനം ക്രോസ്ബാർ-കം-ബ്രിഡ്ജ്-നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ക്രോസ് ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇതുവരെ പരിഗണനയിലില്ല.

(സി) ഫണ്ട് ലഭിക്കുന്ന മുറക്ക് പദ്ധതി സാമ്പത്തികമായി അഭികാമ്യമാണെന്നു കണ്ടാൽ നടപ്പിലാക്കുന്നതാണ്.

130 (1674) ചൈനയുടെ സഹായത്തോടുകൂടിയുള്ള ജലവൈദ്യുത പദ്ധതികൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈനയുടെ സഹായത്തോടുകൂടി ജലവൈദ്യുതപദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നുവോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) അദ്ദേഹം എത്ര പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തുവാനുള്ള നിർദ്ദേശമാണ് വച്ചത്;

(സി) പ്രസ്തുത നിർദ്ദേശം സ്വീകരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു. ഇതുവരെ വൈദ്യുതി ഉൽപാദനത്തിന് ഉപയോഗിക്കപ്പെട്ടിട്ടില്ലാത്ത ചാലിയാർ നദീതടത്തിൽ 49 ചെറുകിട പദ്ധതികളിലൂടെ 139.9 മെഗാവാട്ട് വൈദ്യുതശേഷി സൃഷ്ടിക്കുവാനുള്ള സാദ്ധ്യതകളുള്ളതിൽ ചൈനീസ് സാങ്കേതികവിദ്യ ഉപയോഗിച്ച് 12 പദ്ധതികളിലൂടെ 103 മെഗാവാട്ട് ശേഷി 3 വർഷംകൊണ്ട് കൈവരിക്കാനാകുമെന്ന് എനർജി മാനേജ്മെന്റ് സെന്ററിന്റെ ഡയറക്ടർ ചൂണ്ടിക്കാണിച്ചിരുന്നു.

(ബി) 12 പദ്ധതികൾ

(സി) പ്രസ്തുത നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുകയും വിശദാംശങ്ങൾ പരിശോധിച്ച് മേൽനടപടികൾ ആരംഭിക്കുവാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തു. വൈദ്യുതി ബോർഡ് ചെറുകിട ജലവൈദ്യുതി വിഭാഗം ചീഫ് എഞ്ചിനീയർ ഈ നിർദ്ദേശം ആഴത്തിൽ പഠിച്ചശേഷം ലഭ്യമായ ഊർജ്ജസ്രോതസ്സുകളുടെ പരമാവധി ഉപയോഗം ലക്ഷ്യമാക്കി 12 പദ്ധതികളുടെ പട്ടികയിൽനിന്നും 3 എണ്ണം ഒഴിവാക്കി, മറ്റു ചിലവയും ചേർത്ത് 18 പദ്ധതികളിലൂടെ കേരളത്തിൽ 107 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാവുമെന്ന് നിർദ്ദേശിച്ചു. ഒഴിവാക്കിയ 3 പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly